# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 02-05-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 127

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. എം.വിൻസെന്റ് :<br>ശ്രീ.കെ.എസ്.ശബരീനാഥൻ :<br>ശ്രീ. വി.എസ്.ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ; | (എ) പദ്ധതിയുടെ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനാവശ്യമായ താൽക്കാലിക റോഡിന്റെ നിർമ്മാണവും, ബ്രേക്ക് വാട്ടറിന്റെ കരയിൽ നിന്നുള്ള 565 മീറ്റർ നീളമുള്ള ഭാഗത്തിന്റെ കോർ നിർമ്മാണവും, ഡ്രെഡ്ജിംഗ് & റിക്ലമേഷൻ ജോലികൾ 40% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തിന്റെ ചുറ്റമതിൽ നിർമ്മാണം 800 മീറ്ററോളം പൂർത്തീകരിച്ചിട്ടുമുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന 211 റിസോർട്ട് തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരവും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച 2-ാം ഘട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 143 മത്സ്യത്തൊഴിലാളികൾക്കും നഷ്ടപരിഹാരവും വിതരണം ചെയ്തുവരുന്നു. ശേഷിക്കുന്നവരുടെ നഷ്ടപരിഹാര വിതരണത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതി നടത്തിപ്പിനായി 200 കോടിയോളം രൂപ അദാനി വിഴിഞ്ഞം പ്രോജക്റ്റ് കമ്പനിക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. കൂടാതെ ബാഹ്യാടിസ്ഥാന സൗകര്യവികസനത്തിനായി ദേശീയ പാത 66 -ഉം ആയി തുറമുഖത്തിനെ ബന്ധിപ്പിക്കുന്ന 4-വരി പാതയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം - നാഗർകോവിൽ റെയിൽ പാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന 12 കി.മീ. നീളമുള്ള റെയിൽ പാതയുടെ നിർമ്മാണത്തിന് ധാരണാപത്രം ഒപ്പുവച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥിരമായി പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു. |
| (ബി) പ്രസ്തുത തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളതെന്ന് വിവരിക്കുമോ ; | (ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം, എന്നിവ പൂർത്തിയായി. ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബ്രേക്ക് വാട്ടറിന്റെ 565 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. |

| | |
|---|---|
| (സി) പദ്ധതിയുടെ ഏതൊക്കെ ജോലികളാണ് ഇനി പൂർത്തിയാക്കാനുള്ളത് ; വിശദീകരിക്കുമോ ? | (സി) ശേഷിക്കുന്ന ഡ്രഡ്ജിംഗ് & റിക്ലമേഷൻ ജോലികൾ, ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം, ബെർത്ത് നിർമ്മാണം, യാർഡ് നിർമ്മാണം, ക്രെയിനുകളുടെ ഉറപ്പിക്കൽ എന്നിവയാണ് തുറമുഖ പദ്ധതിയുടെ ശേഷിക്കുന്ന പ്രധാന ജോലികൾ. |

**സെക്ഷൻ ഓഫീസർ**